# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1555** **07.06.2018-ൽ മറുപടിയ്ക്ക്**

## തീരദേശ വികസന കോർപ്പറേഷന്റെ പദ്ധതികൾ

ചോദ്യം

ശ്രീ.എം. മുകേഷ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ, കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയിട്ടുള്ളതും പുതിയതായി ഭരണാനുമതി ലഭിച്ചതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

മറുപടി

ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം നിയോജക മണ്ഡലത്തിലെ കൊല്ലം ജില്ലാ ആശുപത്രി വികസിപ്പിക്കുന്നതിനായി 400.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ 10.05.2018-ൽ ടെണ്ടർ ചെയ്യുകയും 17/05/2018-ൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം 14 റോഡുകൾക്കായി 5.81 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി പ്രവർത്തനം നടത്തി വരുന്നു. കൂടാതെ നബാർഡ് മുഖാന്തിരം തങ്കശ്ശേരി ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 6.25 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ആഫീസർ